പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1476 — 13.06.2014 ൽ മറുപടിയ്ക്ക്

## അഗ്രികാർഡ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷകർക്ക് കൃഷിവായ്പയും സർക്കാർ പദ്ധതികളുടെ ആനുകൂല്യവും ലഭ്യമാകുന്നതിന് 'അഗ്രികാർഡ്' പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കർഷകർക്ക് പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ആനുകൂല്യങ്ങളും വായ്പാ സബ്സിഡികളുമാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്; | (ബി) അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതാണ്.<br>• കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും<br>• ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (Crop Loan)<br>• 7 ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സർക്കാർ നൽകുന്നതാണ്. |
| (സി) കേന്ദ്ര-സംസ്ഥാന പദ്ധതികൾ സംയോജിച്ച് കർഷകർക്ക് ആനുകൂല്യങ്ങൾ പ്രസ്തുത പദ്ധതിയിലൂടെ ലഭ്യമാകുമോ; | (സി) ഇതു സംബന്ധിച്ച നിർദ്ദേശം നിലവിൽ പരിശോധിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത പദ്ധതിയിൽ എത്രപേർ ഇതുവരെ രജിസ്റ്റർ ചെയ്തുവെന്നും രജിസ്റ്റർ ചെയ്യാത്തവർക്ക് രജിസ്ട്രേഷനുള്ള അവസരം നൽകുമോ എന്നും വ്യക്തമാക്കുമോ? | (ഡി) കർഷക രജിസ്ട്രേഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്കാണ് 'അഗ്രികാർഡ്' പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുക. കർഷക രജിസ്ട്രേഷൻ പദ്ധതിയിൽ 18.75 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വീണ്ടും അവസരം നൽകുന്ന കാര്യം പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ